# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 475 | 08.08.2017 - ൽ മറുപടിയ്ക്ക് |
| --- | --- |

## ജി.എസ്.ടി കാരണമുള്ള വിലക്കയറ്റം

| | ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| --- | --- | --- | --- |
| (എ) | ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം പൊതു വിപണിയിൽ അവശ്യസാധനങ്ങളുടെ ദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പൂഴ്ത്തിവെയ്പിന് കാരണമായിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നികുതി ഘടനയിലുണ്ടായ മാറ്റം അന്യായമായ വില വർദ്ധനവിന് കാരണമായിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | നിലവിലുണ്ടായിരുന്ന സ്റ്റോക്ക് വിറ്റഴിക്കുന്നതിലുണ്ടായ ആശയക്കുഴപ്പം പല സാധനങ്ങളുടെയും വില കുറയാതിരിക്കുന്നതിന് കാരണമായി. ജി.എസ്.ടി യിൽ നികുതി ഒഴിവാക്കപ്പെട്ട സാധനങ്ങൾക്കു പോലും കൃത്രിമമായി വിലവർദ്ധനവ് ഉണ്ടാക്കാനുള്ള ശ്രമങ്ങളും ഉണ്ടായി. ആയതിനെ തടയുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | ജി.എസ്.ടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം ചില സാധനങ്ങൾക്ക് വിലക്കയറ്റം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതെക്കുറിച്ച് വ്യാപാരികളുമായും സംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാരനടപടികൾ സ്വീകരിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇല്ലെങ്കിൽ നടപടിയെടുക്കുന്നതിന് ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**